**അനെർട്ട്**

**സർക്കുലർ**

നമ്പർ: ANERT-TECH/32/2017-PO(KKG) 06.07.2017

## ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പരിപാടിക്കുള്ള മാർഗ്ഗരേഖ

## (എം.എൻ.ആർ.ഇ പദ്ധതി)

**ലക്ഷ്യങ്ങൾ**

- എം.എൻ.ആർ.ഇ സബ്സിഡിയോടുകൂടി 1,150 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക. ജനറൽ വിഭാഗത്തിൽ 1,100 എണ്ണവും, പട്ടികജാതി വിഭാഗത്തിൽ 50 എണ്ണവും.
- അതിലൂടെ പാചക ആവശ്യത്തിനുള്ള ഗ്യാസ് ലഭ്യമാക്കുക.
- പരമ്പരാഗത പാചക ഇന്ധന ഉപഭോഗം കുറച്ച് പരിസ്ഥിതി സംരക്ഷിക്കുക.
- കാർഷിക ആവശ്യത്തിനുള്ള ജൈവ വളം ലഭ്യമാക്കുക.
- മാലിന്യ സംസ്കരണത്തിനുള്ള വികേന്ദ്രീകൃത സംവിധാനം പ്രോത്സാഹിപ്പിക്കുക.
- ആഗോള താപനം പ്രതിരോധിക്കുക.

**പദ്ധതി നിർവ്വഹണം**

1. അനെർട്ട് ജില്ലാ ഓഫീസുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.
2. പദ്ധതി സംബന്ധിച്ച് അനെർട്ട് വെബ് സൈറ്റിലും പത്രങ്ങളിലും അറിയിപ്പ് നൽകും.
3. പൊതു ജനങ്ങളിൽ നിന്ന് അപേക്ഷ സ്വീകരിക്കും. ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ അടിസ്ഥാനത്തിൽ പരിഗണിക്കും.
4. അനെർട്ട് ജില്ലാ ഓഫീസുകൾ മുഖേനയാണ് അപേക്ഷകൾ (Annexure–1) സ്വീകരിക്കുന്നത്. തുടർന്ന് ഉപഭോക്താവ് തെരഞ്ഞെടുക്കുന്ന അനെർട്ടിന്റെ ലിസ്റ്റിലുള്ള ടേൺ കീ പ്രവർത്തകൻ / ഏജൻസി പ്രീ ഇൻസ്റ്റലേഷൻ സർവ്വേ നടത്തി റിപ്പോർട്ട് അനെർട്ടിന്റെ അതാത് ജില്ലാ ഓഫീസിൽ സമർപ്പിക്കുന്നതാണ്. അർഹതയുള്ള ഗുണഭോക്താവാണെങ്കിൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ അനെർട്ട് ഹെഡ് ഓഫീസിൽ നിന്ന് ഒരു അനുമതി നമ്പർ അനുവദിക്കുന്നതാണ്. ഈ നമ്പർ ഗുണഭോക്താവ് പ്ലാന്റിൽ പതിപ്പിക്കേണ്ടതാണ്.
5. തുടർന്ന് ജില്ലാ ഓഫീസുകൾ ഗുണഭോക്താവിനെയും ഗുണഭോക്താവ് തെരഞ്ഞെടുത്ത ടേൺ കീ പ്രവർത്തകൻ / ഏജൻസിയെയും ഇക്കാര്യം അറിയിക്കുന്നതാണ്. ഈ അനുമതി ലഭിച്ച് ഒരു മാസത്തിനകം പ്ലാന്റിന്റെ പണി പൂർത്തിയാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അനുമതി റദ്ദാക്കപ്പെടും.

6. എം.എൻ.ആർ.ഇ അംഗീകാരമുള്ള ദീനബന്ധു / KVIC മോഡൽ പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് അവരുടെ ആവശ്യവും സൗകര്യവും അനുസരിച്ച് തെരഞ്ഞെടുക്കാം. **ഒന്നു മുതൽ ആറ് ക്യൂബിക് മീറ്റർ വരെ** വലിപ്പമുള്ള പ്ലാന്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരാൾക്ക് ഒരു പ്ലാന്റിന് മാത്രമേ സബ്സിഡി അനുവദിക്കൂ.
7. അനെർട്ട് അംഗീകരിച്ച ടേൺ കീ പ്രവർത്തകൻ / ഏജൻസികൾ മുഖേനയാണ് പ്ലാന്റ് സ്ഥാപിക്കേണ്ടത്.
8. അനെർട്ടിന്റെ ജില്ലാ ഓഫീസർമാരാണ് സൂപ്പർവിഷൻ പ്രവർത്തനം നടത്തുന്നത്. ബയോ ഗ്യാസ് പ്ലാന്റുകൾ നേരിട്ട് പരിശോധിക്കുന്നതും അനെർട്ട് മാർഗ്ഗനിർദ്ദേശ പ്രകാരമാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതുമാണ്.
9. അനെർട്ടിന്റെ ജില്ലാ ഓഫീസിൽ നിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് അനെർട്ട് ഹെഡ് ക്വാർട്ടേഴ്സിലേക്ക് നൽകുന്നതാണ്.
10. പ്ലാന്റിന്റെ പണിപൂർത്തിയായി കഴിഞ്ഞാൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിനുള്ള ടേൺകീ ഏജന്റിന്റെ സാക്ഷ്യപത്രവും പ്ലാന്റ് കമ്മീഷൻ ചെയ്തതായുള്ള ഗുണഭോക്താവിന്റെ സാക്ഷ്യപത്രവും (Annexure-2) ടേൺ കീ ഏജൻസി / പ്രവർത്തകർ മുഖേന ഗുണഭോക്താക്കൾ അനെർട്ട് ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്. ജില്ലാ ഓഫീസിൽ നിന്നുള്ള പരിശോധനയ്ക്കുശേഷം എം.എൻ.ആർ.ഇ യിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ക്രോസ് ചെയ്ത ചെക്ക് / ഈ ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ പേരിൽ അനുവദിക്കുന്നതാണ്.
11. പ്ലാന്റ് സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പ എടുത്തവർക്ക് ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന്റെ ലോൺ അക്കൗണ്ടിലേക്ക് അനുവദിയ്ക്കുന്നതാണ്.
12. പണിപൂർത്തിയായ ബയോ ഗ്യാസ് പ്ലാന്റിനോടൊപ്പമുള്ള ഗുണഭോക്താവിന്റെ ഫോട്ടോയും, റേഷൻ കാർഡ് / ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും പ്ലാന്റ് നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ പൂരിപ്പിച്ച നിർദ്ദിഷ്ട ഫോറവും (Annexure-3) സബ്സിഡി അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
13. ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് 5 വർഷം വാറണ്ടി ടേൺ കീ ഏജന്റ് നൽകേണ്ടതാണ്.
14. എം.എൻ.ആർ.ഇ പദ്ധതിയിൽ ഉൾപ്പെടുന്ന പ്ലാന്റുകൾക്ക് ടേൺ കീ ഫീസ് ലഭിക്കുന്ന മുറയ്ക്ക് ടേൺ കീ ഏജന്റുമാർക്ക് അത് നൽകുന്നതാണ്.
15. അനെർട്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത ടേൺ കീ ഏജന്റുമാരെ ഈ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.
16. അനെർട്ട് വെബ് സൈറ്റിൽ പ്ലാന്റുകൾ സ്ഥാപിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.
17. ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അനെർട്ട് ഹെഡ് ക്വാർട്ടേഴ്സിലും ജില്ലാ ഓഫീസിലും ഉണ്ടായിരിക്കുന്നതാണ്. ഓരോ പ്ലാന്റിന്റെയും വ്ശദവിവരങ്ങൾ നിശ്ചിത ക്രമ നമ്പർ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതാണ്. ഗുണഭോക്താവിന്റെ പേരും വിലാസവും, വിഭാഗം, പ്ലാന്റിന്റെ

കപ്പാസിറ്റി, മോഡൽ, പ്ലാന്റ്, പണിപൂർത്തിയായ തീയതി, കമ്മീഷനിങ് ചെയ്ത തീയതി, സബ്സിഡി തുക, സബ്സിഡി വിതരണം ചെയ്ത തീയതി, പ്ലാന്റ് സ്ഥാപിച്ച ടേൺ കീ ഏജന്റിന്റെ / പ്രവർത്തകന്റെ പേരും വിലാസവും എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ഉണ്ടായിരിക്കണം.

**ബയോഗ്യാസ് സ്റ്റൗ**

ISI മാർക്കുള്ള കുറഞ്ഞത് 55% താപ ശേഷിയുള്ള ബയോഗ്യാസ് സ്റ്റൗ ഗുണഭോക്താക്കൾക്ക് നൽകണം.

**സബ്സിഡി**

| വിഭാഗം | കപ്പാസിറ്റി | MNRE സബ്സിഡി (രൂപ) |
|---|---|---|
| ജനറൽ | 1 $m^3$ | **5,500/-** |
| ജനറൽ | 2-6 $m^3$ | **9,000/** |
| പട്ടികജാതി വിഭാഗം | 1 $m^3$ | **7,000/** |
| പട്ടികജാതി വിഭാഗം | 1-6 $m^3$ | **11,000/-** |

കക്കൂസുമായി ബന്ധിപ്പിക്കുന്ന പ്ലാന്റുകൾക്ക് **1,200/-** രൂപ അധിക സബ്സിഡി ലഭിക്കുന്നതാണ്.

**ബോധവൽക്കരണ പരിപാടി**

ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം, പരിചരണം എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കൾക്കും പൊതുജനങ്ങൾക്കും അറിവ് നൽകുന്നതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണ്.

ഡയറക്ടർ
അനെർട്ട്